സെന്റ് തോമസ് കോളജ് പാലാ ഓട്ടോണോമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

December 2024
Vol. 1 Issue 2 pages 38-43

പാലൈ
PALAI பாலை
ISSN No: 3049-0316

# അംബേദ്കറെ വായിക്കപ്പെടുമ്പോൾ



**രസിത. കെ***

**സംഗ്രഹം**

വർത്തമാനകാല ഇന്ത്യൻ സമൂഹത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന സാമൂഹ്യ വിപത്തുകൾക്കെതിരായ രാഷ്ട്രീയപ്രതിരോധത്തെ വികസിപ്പിച്ചെടുക്കാൻ ഏതേതു ആശയരൂപങ്ങളെയും ജീവിതക്രമങ്ങളെയുമാണ് പിൻപറ്റേണ്ടതെന്ന ചോദ്യത്തിന് അംബേദ്കർ കൃത്യമായ വിശദീകരണങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം വ്യവസ്ഥയെ അപനിർമിക്കുന്നതിന് അംബേദ്കർ മുന്നോട്ടുവെച്ച ആശയസംഹിതകൾ ഉൾക്കൊണ്ട് സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിനുള്ള കരട് രൂപരേഖയായി പ്രതിപ്രവർത്തിക്കാൻ ദളിത് സാഹിത്യത്തിന് സാധിക്കുന്നുണ്ടോയെന്ന അന്വേഷണമാണ് പ്രബന്ധം. ദളിത് അനുഭവങ്ങളുടെയും ദളിത് മുന്നേറ്റങ്ങളുടെയും വ്യത്യസ്തധാരകൾ അടയാളപ്പെടുത്തുന്ന ശരൺകുമാർ ലിംബാളയുടെ 'രഥയാത്ര' എന്ന ചെറുകഥയെയാണിവിടെ ഉപാദാനമായി സ്വീകരിക്കുന്നത്. ഇന്ത്യൻ ദേശീയതയെയും രാഷ്ട്രീയത്തെയും സമൂഹത്തെയുംകുറിച്ച് അംബേദ്കർ മുന്നോട്ടുവെച്ച സൂക്ഷ്മമായ ഇടപെടലുകൾ ലിംബാളെ കേവലം ഒരു കഥയിൽതന്നെ എങ്ങനെയൊക്കെ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നുയെന്ന് പ്രബന്ധത്തിൽ വിശകലന വിധേയമാക്കുന്നു.

**താക്കോൽ വാക്കുകൾ:** ജാതി, മതം, ജനാധിപത്യം, ബഹുസംസ്കാരവാദം, ഹിന്ദുത്വം.

**ആമുഖം**

ശരൺകുമാർ ലിംബാളെ മറാത്തി ദളിത് എഴുത്തുകാരനാണെങ്കിലും വിവർത്തനങ്ങളിലൂടെ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, പ്രബന്ധങ്ങൾ, അഭിമുഖങ്ങൾ എന്നിവയെല്ലാം മലയാളത്തിലെ മുഖ്യധാരസാഹിത്യസംവാദങ്ങളുടെ ഗതിമാറ്റാൻ സഹായിച്ചുള്ളവയാണ്. സവർണ്ണാധിപത്യ നിയമസംഹിതകളെ പൊളിച്ചെഴുതുന്നവയായിരുന്നു ലിംബാളയുടെ രചനകൾ. ഹിന്ദു (2005), ബഹുജനം (2012), ബഹിഷ്കൃതർ (2017), അവർണ്ണൻ (2017), തൊട്ടുകൂടായ്മയുടെ കഥ (2022) എന്നീ വിവർത്തനാഖ്യായകൾ തുടർച്ചയായാണ് മലയാളത്തിലേക്കു കടന്നുവരുന്നത്. കാലം ക്രമമായി വികസിച്ചുവരുന്നതുകൊണ്ടുതന്നെ അഞ്ചു നോവലുകൾക്കും സമാനമായ ഒരു ശൃംഖല രൂപപ്പെട്ടു

---

* ഗവേഷക, കണ്ണൂർ യൂണിവേഴ്സിറ്റി

 ISSN No: 3049-0316


വരുന്നുണ്ട്. വാസ്തവത്തിൽ തീഷ്ണമായ യാഥാർത്ഥ്യങ്ങൾ വ്യത്യസ്തമായി ആവിഷ്കരിക്കാനുള്ള ദളിതെഴുത്തിന്റെ കരുത്ത് പ്രകടമാക്കുന്ന സന്ദർഭംകൂടിയാണിത്. വർത്തമാനകാല ഇന്ത്യൻസമൂഹത്തിൽ നേരിട്ടുക്കൊണ്ടിരിക്കുന്ന സാമൂഹിക-വിപത്തുകൾക്കെതിരായ രാഷ്ട്രീയപ്രതിരോധത്തെ വികസിപ്പിച്ചെടുക്കാനുള്ള ആശയങ്ങൾ തന്റെ രചനകളിലൂടെ ലിംബാളെ സമൂഹവുമായി പങ്കുവെക്കുന്നു. നവ-ആശയ സാധ്യതകളും ജനാധിപത്യാവബോധവും സൈദ്ധാന്തിക വിശകലനത്തിനുള്ള ഇടവും ഓരോ എഴുത്തിലും അദ്ദേഹം സൃഷ്ടിച്ചെടുക്കുന്നുണ്ട്. 'രഥയാത്ര' എന്ന കഥയിൽ ജാതിയെയും രാഷ്ട്രീയത്തെയും ജനാധിപത്യവത്കരിക്കുന്നത്തിനുള്ള ഒരു ടൂളായി ലിംബാളെ എഴുത്തിനെയെങ്ങനെ ഉപയോഗിച്ചു എന്നുള്ള അന്വേഷണമാണ് ഇവിടെ സാധ്യമാക്കുന്നത്. ജനാധിപത്യ സങ്കല്പങ്ങളുടെ സാക്ഷാത്കാരമാണ് പ്രസ്തുത പഠനത്തിലൂടെ ലക്ഷ്യം വെക്കുന്നത്.

## 'രഥയാത്ര'യെ ജനാധിപത്യവത്കരിക്കുമ്പോൾ

ഹൈന്ദവസമൂഹത്തിലെ ജാതിവ്യവസ്ഥയും സവർണ ഭീകരതയും അതുളവാക്കുന്ന സാമൂഹിക സംഘർഷങ്ങളുമാണ് 'രഥയാത്ര' എന്ന കഥയുടെ പ്രമേയം. ജനാധിപത്യത്തെ, പുരോഗമനപരമായ നീക്കത്തെ അതിസമർത്ഥമായി ഉന്മൂലനംചെയ്ത് നിർവീര്യമാക്കാൻ കഴിയുന്ന പണാധിപത്യത്തിന്റെയും സവർണാധിപത്യത്തിന്റെയും ഭീകരമുഖമാണ് ഇവിടെ ദൃശ്യമാകുന്നത്. സ്വത്വ രാഷ്ട്രീയത്തിനപ്പുറത്ത് വിശപ്പിന്റെ രാഷ്ട്രീയം ദളിത് യുവത്വത്തെ കർസേവകനായി തുടരാൻ നിർബന്ധിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളോടുള്ള വിമർശനാപഗ്രഥനമാണ് ലിംബാളെ കഥയിലുടനീളം നടത്തുന്നത്. 'ആരു ഭരിച്ചാലും വേണ്ടില്ല എനിക്ക് ഭക്ഷണം കിട്ടണം. രാമനിൽ നിന്നാണ് എനിക്ക് ഭക്ഷണം കിട്ടാൻ എളുപ്പം' എന്നും 'അന്നത്തിനു വേണ്ടി ഞാൻ രാമന്റെ ജോലി ചെയ്യുകയായിരുന്നു' എന്നും ഒരു ദളിത് യുവാവിന് പറയേണ്ടിവരുന്ന വിശപ്പിന്റെ പ്രശ്നം തന്നെയാണ് ഒടുവിൽ രാമക്ഷേത്രത്തിലെ ഭിക്ഷാടകനായി അവനെ മാറ്റുന്നതും. വിശപ്പിൽനിന്നു രാഷ്ട്രീയത്തിലേക്കും രാഷ്ട്രീയത്തിൽനിന്നു വീണ്ടും വിശപ്പിലേക്കും സഞ്ചരിക്കുന്ന ദളിത് യുവാവിന്റെ കഥയാണ് ബാഹ്യർത്ഥത്തിൽ 'രഥയാത്ര'. എന്നാൽ, രാഷ്ട്രീയ സ്വാതന്ത്ര്യത്തിനോടൊപ്പം സാമ്പത്തിക സ്വാതന്ത്ര്യംകൂടി പ്രാവർത്തികമായാലേ ജനാധിപത്യവത്ക്കരണം പൂർണ്ണമാവുകയുള്ളൂ എന്ന അടിസ്ഥാനനയമാണ് എഴുത്തുകാരൻ ഇവിടെ പങ്കുവെയ്ക്കുന്നത്. അംബേദ്കർ സങ്കൽപ്പങ്ങളെ ഇതിനോടു ചേർത്തുവായിക്കപ്പെടുവാൻ സാധിക്കും. ജനങ്ങളുടെ തുല്യതിയും അവസരസമത്വവും സ്ത്രീപുരുഷ ലിംഗസമത്വവും ഗ്രാമവും പട്ടണവും തമ്മിലുള്ള അന്തരവും ഉൽപാദനവും വിതരണവും തമ്മിലുള്ള വൈരുദ്ധ്യങ്ങളും ഇല്ലാതാക്കുന്നതോടെ സമൂഹത്തെ ജനാധിപത്യവത്കരിക്കാൻ സാധിക്കുമെന്ന അംബേദ്കർ വീക്ഷണം ഇവിടെ ഒരു ഉപാധിയാണ്. അങ്ങേയറ്റം കഥയെ വ്യക്തിപരമാക്കാൻ ശ്രമിക്കുമ്പോഴും ആ കൃതി ഉയർത്തുന്ന സാമൂഹിക അനുഭവവും ഉത്കണ്ഠകളുമാണ് വർത്തമാനകാല ഇന്ത്യൻ സമൂഹത്തിൽ 'രഥയാത്ര' എന്ന കഥ സംവദിക്കുന്ന പ്രത്യയശാസ്ത്രത്തെ പ്രസക്തമാക്കുന്നത്.

ജാതി-മതാധിഷ്ഠിത രാഷ്ട്രീയപാർട്ടികളിൽ പ്രവർത്തിക്കാൻ നിർബന്ധിതരാകുന്ന ദളിത് യുവത്വങ്ങളുടെ നിസ്സഹായവസ്ഥ കഥയിൽ മുഴങ്ങിക്കേൾക്കാം. 'ദളിതർ രാഷ്ട്രീയത്തിൽനിന്നും വിട്ടുനിൽക്കരുതെന്നും അത് അധികാരത്തിന്റെ താക്കോലാണെന്നും അംബേദ്കർ പറഞ്ഞുവെച്ചിട്ടുണ്ട്' (കവിയൂർ മുരളി, 2001, 25). എന്നാൽ ഇത്തരം രാഷ്ട്രീയപാർട്ടികൾ ദളിതനെ ഒരു ടൂളായി മാത്രം സമീപിക്കുന്ന സാമൂഹികാവസ്ഥ ജനാധിപത്യവ്യവസ്ഥയുടെ അട്ടിമറിയാണ്. തെരഞ്ഞെടുപ്പ് സമയത്ത് മാത്രം ദളിതരെ കുറിച്ചോർത്തിരുന്ന രാഷ്ട്രീയനേതൃത്വം അവരുടെ സംഘടിതശക്തിയെ എന്നും ഭയന്നിരുന്നു. സാമൂഹിക ജീവിതത്തിന്റെ നേർപകർപ്പായ കഥയിലും ദളിതരുടെ ഏകീകരണത്തിനു പകരം ഭിന്നിപ്പുകളെയാണ് കണ്ടെത്താൻ സാധിക്കുന്നത്. ദളിതരെ ഭിന്നിപ്പിക്കാനും പഴയതുപോലെ അധഃകൃതനായി നിലനിർത്താനുമാണ് ഓരോ രാഷ്ട്രീയശക്തികളും ശ്രമിച്ചത്. കഴ്സൺ പ്രഭു നടപ്പിലാക്കിയ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന രാഷ്ട്രീയ നയതന്ത്രംതന്നെയാണ് സവർണഭീകരതയുടെയും അടിസ്ഥാനം. ഇത്തരം രാഷ്ട്രീയനയങ്ങളോടുള്ള എതിർപ്പ് തന്റെ എഴുത്തിലൂടെ ലിംബാളെ പ്രകടമാക്കുന്നുണ്ട്. അംബേദ്കർ പറഞ്ഞതുപോലെ 'ഒരു ഹിന്ദു ആയിരിക്കുക' എന്നതിന് അർത്ഥം കൂടിച്ചേരാതിരിക്കുക, വേറിട്ടുനിൽക്കുക എന്നാണ്, വിഭജിച്ചുനിർത്തുക എന്നതാണ്. വിഭജനത്തിന്റെ മറ്റൊരു പേരാണ് ജാതി. പൊതുവിൽ പറഞ്ഞാൽ ഹിന്ദുമതവും,

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2024 ISSN No: 3049-0316


സാമൂഹ്യമായ ഐക്യവും പരസ്പരവിരുദ്ധമാണ്' (അംബേദ്കർ, 2018, 3). ഒന്നിച്ചുനിൽക്കുന്നതിനു പകരം പലതായി ചിതറിപോകുന്നതുകൊണ്ടാണ് ദളിതന്റെ ദളിതാവസ്ഥയിൽ മാറ്റം വരാത്തത്. ദളിത് ഏകീകരണശക്തിയെക്കുറിച്ചുള്ള അജ്ഞതയാണ് എല്ലാ രാഷ്ട്രീയപാർട്ടികളും എല്ലാകാലത്തും മുതലെടുത്തതെന്ന് വസ്തുത കഥ വ്യക്തമാക്കുന്നു. തുല്യപൗരത്വത്തിന് വിഘാതമായി നിൽക്കുന്ന വ്യവസ്ഥകളും മുൻവിധികളും ആചാരക്രമങ്ങളുമെല്ലാം മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാവുകയും അത്തരം പ്രതിബദ്ധതകളോട് പ്രതികരിക്കാൻ ജനശക്തി സംഘടിത രൂപം കൊള്ളണമെന്ന് കഥയിലൂടെ ആഹ്വാനം ചെയ്യുകയാണ് എഴുത്തുകാരൻ. 'Organise Agitate For Education' എന്ന അയ്യങ്കാളി ഫോർമുലയുടെ മാതൃക പകർപ്പാണ് കഥയുടെ വ്യങ്ങ്യാർത്ഥമായി മാറുന്നത്. വിദ്യാഭ്യാസം (Eduate), പ്രതികരിക്കുക (Agitate), സംഘാടനം (Organise) എന്ന അംബേദ്കറുടെ ആഹ്വാനം ദളിതാവസ്ഥയുടെ നിർണ്ണയനങ്ങളെ സ്വാധീനിക്കുമെന്നത് കഥയുടെ മുഖ്യപാഠമാണ്.

## ജാതിയും രാഷ്ട്രീയാധിപത്യവും

ജാതിരാഷ്ട്രീയവുമായി ബന്ധം സ്ഥാപിക്കുന്നതും, രാഷ്ട്രീയത്തിൽ ജാതി പരമപ്രധാനമായി തീരുകയും ചെയ്യുന്നതിന്റെ നേരാഖ്യാനമാണ് 'രഥയാത്ര' എന്ന കഥയുടെ രാഷ്ട്രീയ ഭൂമിക. തികച്ചും വൈരുദ്ധ്യാത്മക യാഥാർത്ഥ്യങ്ങളായ ജാതിയെയും ജനാധിപത്യത്തെയും ഒരുപോലെ ആഘോഷിക്കപ്പെടുന്നു എന്നതാണ് ഇന്നത്തെ ഇന്ത്യയുടെ ഏറ്റവും ഭീതിദമായ അവസ്ഥ. ഇതിന്റെ തനിയാവർത്തനം കഥാപരിസരത്തെ ഇടവേളകളിലുന്ന് അലോസരപ്പെടുത്തുന്നുമുണ്ട്. ജാതിയെയും മതത്തെയും നിലനിർത്തി ജനാധിപത്യ സാമൂഹികക്രമം പിന്തുടരാൻ സാധിക്കില്ലെന്ന് ഉത്തമ ബോധ്യം എഴുത്തുകാരനുണ്ട്. എന്നാൽ, ജാതിയെ സൈദ്ധാന്തികമായി വിശകലനംചെയ്യുകയും സമൂഹത്തെ ജനാധിപത്യവത്കരിക്കുന്നതിനുള്ള ഒരു ടൂളായി തന്റെ എഴുത്തിനെ ഉപയോഗിക്കുകയുമാണ് ലിംബാളെ ഇവിടെ.

ഹിന്ദുത്വരാഷ്ട്രീയത്തിന്റെ ഹിംസാത്മകമുഖം സമൂഹത്തിൽ സ്വാഭാവികമായി മാറുന്നതിന്റെ രാഷ്ട്രീയസന്ദർഭത്തെ കൂടിയാണ് 'രഥയാത്ര' ചരിത്രവത്കരിക്കുന്നത്. ബാബ്റി മസ്ജിദിന്റെ തകർച്ച കൃത്യമായ ഒരു രാഷ്ട്രീയ നാടകമാണെന്നത് കഥയുടെ പ്രധാന ആശയശാസ്ത്രമാണ്. ഇന്ത്യൻസമൂഹത്തിലെ തങ്ങളുടെ പ്രത്യയശാസ്ത്രശക്തിയുടെ ബാഹ്യപ്രകടനമാണ് രാമക്ഷേത്രം പണിയുന്നതിലൂടെ ഹിന്ദുത്വ രാഷ്ട്രീയശക്തികൾ നടത്തിയത്. ആൾക്കൂട്ട ആക്രമണങ്ങൾക്ക് നിയമ പിന്തുണയും രാഷ്ട്രീയ പിൻബലവും ലഭിക്കുന്ന ഭീതിതമായ സാമൂഹികാവസ്ഥയിലേക്ക് ഇന്ത്യൻ ജനാധിപത്യ സാമൂഹികക്രമം മാറിയിരിക്കുന്നു. 1992 ഡിസംബർ 6 ൽ നടപ്പിലാക്കിയ ബാബ്റി മസ്ജിദിന്റെ തകർച്ച ഹിന്ദുത്വരാഷ്ട്രീയത്തിന്റെ അധികാരശക്തിയെയും ജനാധിപത്യ-മതേതര സങ്കൽപ്പനത്തിന്റെ തകർച്ചയേയും കുറിക്കുന്നു. രാഷ്ട്രീയ പ്രശ്നം (political Issues) എന്നത് ഒരു രാജ്യത്തെ എങ്ങനെ മുന്നോട്ടു കൊണ്ടുപോകണം എന്ന തീരുമാനംകൂടിയാണ്. ഇവിടെ ശത്രുവിനെ അപരസ്ഥാനത്ത് കൊണ്ടുവരാൻ സാധിച്ചു എന്നുള്ളതാണ് ഹിന്ദുത്വ രാഷ്ട്രീയശക്തിയുടെ ഏറ്റവും വലിയ വിജയം. ബാബ്റി മസ്ജിദ് സംഘർഷത്തെ പുനർ വായിക്കപ്പെടുമ്പോൾ അതൊരിക്കലും മുസ്ലിം വിരുദ്ധതമാത്രമല്ലെന്നും ദളിത് ബഹുജനങ്ങളെ ഹിന്ദുത്വവൽക്കരിക്കുക എന്ന കപട രാഷ്ട്രീയ നീക്കം കൂടി പ്രാവർത്തികമാക്കുന്നുണ്ടെന്ന് കാണാം. ഇത്തരം പശ്ചാത്തലത്തിലാണ് 'ഹിന്ദു വോട്ട്' എന്ന പുതിയ രാഷ്ട്രീയനയംകൂടി ഉടലെടുക്കുന്നത്. ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ എല്ലായ്പ്പോഴും ജാതീയതിയിൽഊന്നിയ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾകൂടി പ്രതിപ്രവർത്തിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യയിൽ ജനാധിപത്യത്തിന്റെ അടിത്തറയായി വർത്തിക്കുന്നത് സാർവത്രിക വോട്ടവകാശമാണ്. അതുകൊണ്ടുതന്നെ അധികാരവാഴ്ച നടത്താൻ വിവിധ രാഷ്ട്രീയ പാർട്ടികൾ വോട്ടുകൾ ലഭിക്കാൻ വ്യത്യസ്തമായ നയങ്ങൾ സ്വീകരിക്കുന്നുമുണ്ട്. ഇത്തരം രാഷ്ട്രീയസന്ദർഭത്തിലാണ് ജാതികളെ പോലെയുള്ള സാമൂഹ്യഗ്രൂപ്പുകളെ സ്വാധീനിക്കാൻ രാഷ്ട്രീയപ്പാർട്ടികൾക്കു സാധിച്ചത്. ഹിന്ദുത്വവൽക്കരണത്തിന്റെ സ്വാധീനത്തിൻകീഴിൽ ജാതിഗ്രൂപ്പുകൾ ക്രമേണ സംഘടനാരൂപം കൈവരിക്കുകയും സാമൂഹിക പദവിയും, സാമ്പത്തിക ക്ഷേമവും, രാഷ്ട്രീയ അധികാരവും ലക്ഷ്യമിട്ട് നീങ്ങാൻ തുടങ്ങുകയും ചെയ്തു. എന്നാൽ, ഇത്തരം രാഷ്ട്രീയനാടകങ്ങളിൽ വർണ്ണ-ജാതി അടിസ്ഥാനത്തിലുള്ള 'Graded Inequality' മാത്രമാണ് പ്രാവർത്തികമാകുന്നത്. 'തുല്യപൗരത്വ'ത്തിന്

 ISSN No: 3049-0316


പകരം 'ജാതിപൗരത്വം' അവിടെ പുനഃസൃഷ്ടിക്കപ്പെടുന്നു. ബ്രാഹ്മണിക്കൽ ഓർഡറിന്റെ തിരിച്ചുവരവ് രാഷ്ട്രീയത്തിലും സമൂഹത്തിലും ആഘോഷിക്കപ്പെടുന്ന അവസസ്ഥാവിശേഷം ഇവിടെ ഉടലെടുക്കുന്നു. ഇത്തരം രാഷ്ട്രീയസന്ദർഭങ്ങളോടുള്ള പുനഃപരിശോധനയാണ് കഥയുടെ കാലികപ്രസക്തി.

'ഒരാൾക്ക് ഒരു വോട്ട് അതിന് ഒരു മൂല്യം' എന്ന സിദ്ധാന്തത്തിന്റെ വൈരുധ്യത്തെ അംബേദ്കർ വിശദീകരിക്കുന്നുണ്ട്. 'രാഷ്ട്രീയത്തിൽ നമുക്ക് തുല്യത വരുന്നു. എന്നാൽ, നിലനിൽക്കുന്ന വ്യവസ്ഥയുടെ പ്രത്യേകതയാൽ സാമൂഹികവും രാഷ്ട്രീയവുമായ മേഖലയിൽ അസമത്വം തുടരുന്നു. രാഷ്ട്രീയത്തിൽ ഒരാൾക്ക് ഒരു വോട്ട്, ഒരു വോട്ടിന് ഒരു മൂല്യം എന്ന തത്ത്വം നമ്മൾ അംഗീകരിക്കാൻ പോകുന്നു. എന്നാൽ സാമൂഹികസാമ്പത്തിക മണ്ഡലത്തിൽ ഒരാൾക്ക് ഒരു മൂല്യം എന്നത് തുടർച്ചയായി നിഷേധിക്കുന്നു. എത്രകാലം നമുക്ക് വൈരുധ്യങ്ങളുടെ ലോകത്ത് ജീവിക്കാൻ കഴിയും? എത്രകാലം സാമൂഹികസാമ്പത്തികജീവിതത്തിൽ സമത്വം നിഷേധിക്കാൻ കഴിയും? ഇത് ദീർഘകാലം തുടരാൻ അനുവദിച്ചാൽ നമ്മുടെ രാഷ്ട്രീയജനാധിപത്യം പ്രതിസന്ധിയിലാകും. സാധ്യമാകുന്ന ആദ്യ സന്ദർഭത്തിൽത്തന്നെ ഈ വൈരുധ്യം അവസാനിപ്പിക്കാൻ കഴിയണം. അല്ലെങ്കിൽ ഈ ഭരണഘടന അസംബ്ലി കെട്ടിപ്പൊക്കിയിട്ടുള്ള രാഷ്ട്രീയജനാധിപത്യത്തിന്റെ അടിത്തറയെ അസമത്വത്തിന്റെ ഇരകൾ വലിച്ചെറിയുകതന്നെ ചെയ്യും (രാജീവ് പി, 2020, 104).' 1950 കളിൽ അംബേദ്കർ പ്രകടമാക്കിയ ഈ ഉത്കണ്ഠ അതേ തീവ്രതയോടെതന്നെ ഇന്ത്യൻ സമൂഹത്തിൽ ഇന്നു ഭരണം നടത്തുന്നു. സാമൂഹികഅസമത്വത്തെയും സാമ്പത്തിക അനീതിക്രമത്തെയും സമത്വത്തിന്റെ തലത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചാൽ മാത്രമേ സാമൂഹിക-രാഷ്ട്രീയ ജനാധിപത്യവത്കരണം സാധ്യമാവുകയുള്ളൂ. വർത്തമാനകാലപരിസരത്തിൽ ഭരണഘടന ആഹ്വാനംചെയ്യുന്ന തുല്യപൗരത്വം പ്രാവർത്തികമാക്കാൻ ഇന്ത്യൻ രാഷ്ട്രീയജനാധിപത്യത്തിന് സാധിച്ചിട്ടില്ല. ഇത്തരം രാഷ്ട്രീയ അജണ്ടയെ അകറ്റിനിർത്തുവാനുള്ള ആഹ്വാനമാണ് കഥയുടെ ആത്യന്തികലക്ഷ്യം.

ഹിന്ദുയിസത്തിന്റെ അടിസ്ഥാന സ്വഭാവം അന്യമതസ്ഥരോടുള്ള യുദ്ധപ്രഖ്യാപനം മാത്രമല്ലെന്നും സ്വന്തം മതത്തിൽ ഉണ്ടെന്നവർ വിചാരിക്കുന്ന കീഴാള ജനവിഭാഗങ്ങളോടുള്ള അധീശത്വമനോഭാവം കൂടിയാണെന്നത് എഴുത്തുകാരന്റെ തുറന്നുപറച്ചിലാണ്.' എന്തുകൊണ്ട് നമ്മുടെ സ്വന്തം രാഷ്ട്രം ഹിന്ദു രാഷ്ട്രമായി പ്രഖ്യാപിച്ചുകൂടാ. മുസ്ലീങ്ങളെ പാക്കിസ്ഥാനിലേക്ക് ഓടിക്കണം. ഇവിടെ ഹിന്ദുക്കളുടെ ഭരണമാണ് ഉണ്ടാവേണ്ടത്. ദേശീയത സ്ഥാപിക്കുന്നതിനുവേണ്ടി ഒരു മതം മാത്രമേ പാടുള്ളൂ. ഹിന്ദു ഹിന്ദു ഭായി ഭായി. നമ്മളെല്ലാവരും ഹിന്ദുക്കളും ബന്ധുക്കളുമാണ്. അങ്ങനെയാണെങ്കിൽ നമ്മൾ എന്തിനാണ് ഗ്രാമത്തിനു പുറത്ത് ജീവിക്കേണ്ടിവരുന്നത്. നമ്മളെങ്ങനെയാണ് തൊട്ടുകൂടാത്തവരാകുന്നത്. നമുക്കെന്താണ് ക്ഷേത്രത്തിൽ പ്രവേശനമില്ലാത്തത്. നമുക്കെന്തിനാണ് താമസിക്കുന്നതിനു വേറെ കോളനികൾ, നമുക്കെന്തിനാണ് വേറെ കടവുകൾ, പ്രത്യേകം ശ്മശാനങ്ങൾ, നമുക്ക് നേരെ എന്തിനാണ് അതിക്രമങ്ങൾ നടക്കുന്നത്' (ശരൺകുമാർ ലിംബാളെ, 2021.60) എന്ന് കഥാനായകനെകൊണ്ട് എഴുത്തുകാരൻ പറയിപ്പിച്ചതിൽ ജനാധിപത്യത്തിന്റെ സാക്ഷാത്കാരംകൂടി അടങ്ങിയിട്ടുണ്ട്. ദളിതരെപ്പോലെ സമൂഹത്തിന്റെ ഓരങ്ങളിലേക്കു മാറ്റിനിർത്തപ്പെട്ടവർക്ക് ചില പ്രത്യേക ഇടങ്ങൾ (Space) ഭരണവർഗ്ഗം കൽപ്പിച്ചുകൊടുത്തിട്ടുണ്ട്. ഭരണഘടന ചട്ടപ്രകാരം തുല്യാവകാശമുള്ള ഇന്ത്യൻ ഭൂവിഭാഗത്തിൽ മാന്യതയുള്ള ഇടങ്ങൾ അർഹരല്ല എന്ന ഭരണവർഗതാല്പര്യമാണ് കോളനികളിൽ ദളിതരെ ഒതുക്കുന്നത്. ഫൂക്കോ പറയുന്ന യഥാസ്ഥാനത്തുറപ്പിക്കലിന്റെ ഇടങ്ങളാണ് ദളിതർക്ക് പ്രത്യേകമുള്ള കോളനികളും, കടവുകളും, ശ്മശാനങ്ങളും. വർഗരാഷ്ട്രീയശക്തികളുടെ ദളിതരോടുള്ള രാഷ്ട്രീയ നയതന്ത്രങ്ങൾ അവിടംകൊണ്ടും അവസാനിക്കുന്നില്ല. ദളിതർ അടക്കമുള്ള അബ്രാഹ്മണരെ ഹിന്ദുക്കൾ എന്ന ലേബലിലേക്കൊതുക്കുന്ന രാഷ്ട്രീയ അജണ്ട കൂടി അവർ നടപ്പിലാക്കുന്നു. ഹിന്ദുത്വം ഒരു രാഷ്ട്ര അധികാരവ്യവസ്ഥയായി മാറിയിരിക്കുന്ന വർത്തമാനകാല ഇന്ത്യൻ പരിസരത്തിൽ മത ദേശീയതയെയും ഭരണകൂടഅധികാരത്തെയും ഉപയോഗിച്ചുകൊണ്ട് എങ്ങനെയാണ് സമഗ്രാധിപത്യ രാഷ്ട്രവ്യവസ്ഥയെ രൂപപ്പെടുത്തുന്നതെന്ന അന്വേഷണം കാലികമാണ്.

കഥയിൽ ഹിന്ദു-മുസ്ലീം സംഘർഷമാണ് പ്രാഥമിക പ്രശ്നമെങ്കിലും ബ്രാഹ്മണരും അബ്രാഹ്മണരും തമ്മിലുള്ള സംഘട്ടനത്തിന്റെ തീവ്രതയാണ് സങ്കീർണമായി നിലനിൽക്കുന്നത്. ബാബ്റി മസ്ജിദ് പോലുള്ള രാഷ്ട്രീയ പ്രശ്നത്തെ കേവലം ഹിന്ദു- മുസ്ലീം ലഹളയുടെ രൂപത്തിലേക്ക്

മാത്രം വായിച്ചെടുക്കരുതെന്ന വസ്തുത കഥ മുന്നോട്ടുവെക്കുന്നുണ്ട്. ഹിന്ദുത്വ രാഷ്ട്രീയത്തിൽ ഒരേപോലെ ഇരകളാകുന്ന മുസ്ലിം, ദളിത് ജനാധിപത്യഐക്യം സംജാതമാകുന്നത് സമൂഹത്തെ ജനാധിപത്യവത്കരിക്കാൻ സാധിക്കുമെന്ന കഥാവാദം ഏറെ പ്രസക്തമാണ്. 'മഹാത്മാഗാന്ധിയുടെ പ്രതിമകൾ പിഴുതെറിയും. രാമന്റെ പ്രതിമകൾ സ്ഥാപിക്കും. ത്രിവർണ ദേശീയപതാക കീറിയെറിയും. കാവിക്കൊടി പാറിക്കും. ചാതുർവർണ്യവ്യവസ്ഥ പ്രാവർത്തികമാക്കും. അതാണ് സംഭവിക്കുന്നത്.ശൂദ്രന തപസ് ചെയ്യാനുള്ള അവകാശമില്ല. അതുകൊണ്ടാണ് ശംബൂകനെ കൊല ചെയ്തത്.അങ്ങനെയെങ്കിൽ ബാബാസാഹിബിന്റെ സമരങ്ങൾക്ക് എന്തു സംഭവിക്കും' (ശരൺ കുമാർ ലിംബാളെ, 2021.58). വർത്തമാനകാല ഇന്ത്യൻ പരിസരത്തിൽ അംബേദ്കർ പ്രത്യയശാസ്ത്രങ്ങളെ എങ്ങനെ സമീപിക്കുന്നു എന്ന അന്വേഷണം പ്രധാനമാണ്. അംബേദിക്കറെ 'ദളിത് വിമോചന നായകൻ' എന്ന ലേബലിൽ മാത്രം ഒതുക്കുന്ന പൊതുബോധം ജനാധിപത്യ ഇന്ത്യയുടെ ഏറ്റവും വലിയ പരിമിതിയാണ്. അംബേദ്കറുടെ ജനനാടിസ്ഥാനത്തിൽനിന്നും ഉണ്ടായ വിവേചനത്തിന്റെ തുടർച്ചയാണ് ഇന്ത്യയെ തന്നെ നവീകരിക്കുന്നതിനായി അദ്ദേഹം അവതരിപ്പിച്ച ആശയങ്ങൾക്ക് സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തമസ്ക്കരണവും. അദ്ദേഹം ഇന്ത്യൻ ദേശീയതയെയും സമൂഹത്തെയും സമ്പദ്വ്യവസ്ഥയെയും ചരിത്രത്തെയും രാഷ്ട്രീയത്തെയും സംബന്ധിച്ച നൽകിയ സവിശേഷമായ വിശദീകരണങ്ങൾ ഇന്നിന്റെ സാഹചര്യത്തിൽ പുനഃപരിശോധിക്കേണ്ടതാണ്. ഇന്ത്യയിൽ വർഗീയഭൂരിപക്ഷ(Communal Majority) ഭരണമുണ്ടായാൽ ജനാധിപത്യ സാമൂഹ്യക്രമത്തിന്റെ തകർച്ചയ്ക്കിടയാക്കുമെന്നത് അംബേദ്കർ മുന്നറിയിപ്പ് നൽകിയിരുന്നു. ഇന്ന് ഇന്ത്യ ഭരിക്കുന്നത് വർഗീയാശയങ്ങളാണ് എന്നത് എഴുത്തുകാരനെ അസ്വസ്ഥനാക്കുന്നുമുണ്ട്. വർഗീയശക്തികളുടെ ഇരകളാകുന്ന ദളിത്-മുസ്ലിം ഐക്യസാധ്യതകളിലൂടെ ജനാധിവത്കരണത്തിനുള്ള ഉപാധി നിർദ്ദേശിക്കുവാൻ ശ്രമിക്കുന്ന എഴുത്തുകാരനെ കഥയിൽ കണ്ടെത്താം. ജനാധിപത്യത്തിൽ സാംസ്കാരികവൈവിധ്യം പരിഗണിക്കപ്പെടുന്നതെങ്ങനെയെന്നത് അതിസമർത്ഥമായി കഥയിൽ കൈകാര്യം ചെയ്യുന്നുണ്ട്. ബഹുസംസ്കാരവാദം (Multi culturalisam) ജനാധിപത്യവത്കരണത്തിന്റെ ഉപാധിയായി ഇവിടെ വായിക്കപ്പെടാം. നാനാത്വത്തിൽ ഏകത്വമെന്ന സങ്കല്പത്തിന്റെ അപനിർമ്മാണമാണ് കഥയിൽ സാധ്യമാക്കുന്നത്. തുല്യതയ്ക്ക് പകരം ഇന്ത്യൻ സാമൂഹികക്രമത്തിൽ ബഹുത്വത്തിന് (Pluralism) പ്രാധാന്യം നൽകിയാൽമാത്രമേ ജനാധിപത്യ സങ്കൽപങ്ങളുടെ സാക്ഷാത്കാരം സാധ്യമാവുകയുള്ളൂ. ഇന്നും വലിയൊരു ജനവിഭാഗത്തെ ജാതിയുടെയും മതത്തിന്റെയും പേരിൽ വിഭജിച്ചുനിർത്താനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. സവർണതേരുമായ ഐക്യപ്പെടൽ ഇത്തരം സാമൂഹിക സംവിധാനങ്ങൾക്കെതിരെയുള്ള ബദൽ നിർദ്ദേശമാണ്. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള വിഭജനം ഏറെക്കാലം തുടർന്നുകൊണ്ടുപോകുവാൻ സാധിക്കില്ല, ഒരു ധ്രുവീകരണം സംഭവിക്കും. അത്തരം ധ്രുവീകരണത്തിന്റെ ആരംഭമാണ് 'രഥയാത്ര'യിൽ കാണാൻ സാധിക്കുന്നത്.

'ഇന്ത്യയെ നവീകരിക്കുക' എന്ന ദൗത്യമാണ് ശരൺകുമാർ ലിംബാളെയുടെ സൃഷ്ടികൾ ചെയ്തുകൊണ്ടിരിക്കുന്നത്. ലിംബാളെയുടെ എഴുത്തുകളിലെ ദളിത് വിമർശനമണ്ഡലം ബഹുവിധമായ രീതി ശാസ്ത്രപദ്ധതികളിലൂടെ വികസിച്ച് ഇന്ത്യൻ സാമൂഹിക-സംവിധാനങ്ങളെ സൈദ്ധാന്തികമായി വിശകലനവിധേയമാക്കുന്നു. അംബേദ്കർ ആശയങ്ങളെ അടിത്തറയായി ഉറപ്പിച്ചുകൊണ്ട്, മാറുന്ന ഇന്ത്യൻ സമൂഹത്തിൽ അംബേദ്കർ നിരീക്ഷണങ്ങളുടെ നവീകരണം തന്റെ രചനകളിലൂടെ ലിംബാളെ സാധ്യമാക്കുന്നു. മറാത്തി ഭാഷകളിൽ എഴുതപ്പെട്ട അദ്ദേഹത്തിന്റെ സൃഷ്ടികൾ ഉത്പാദിക്കുന്ന പ്രത്യയശാസ്ത്ര വ്യവഹാര വിനിമയങ്ങൾ മലയാളത്തിലും സാധ്യമാകുന്നത് വിവർത്തനങ്ങളിലൂടെയാണ്. ഓരോ വിവർത്തനരചനകളെയും ചരിത്രവത്കരിച്ച് മനസ്സിലാക്കുമ്പോഴാണ് വിവർത്തനത്തിന്റെ സാംസ്കാരിക രാഷ്ട്രീയം മനസ്സിലാകുന്നത്.

## സഹായക ഗ്രന്ഥങ്ങൾ

അജു കെ നാരായണൻ (എഡി), താക്കോൽ വാക്കുകൾ, വിദ്വാൻ പിജി നായർ സ്മാരക ഗവേഷണ കേന്ദ്രം മലയാള വിഭാഗം, യുസി കോളേജ് ആലുവ. 2017.

അംബേദ്കർ ബി.ആർ, ജാതികൾ ഇന്ത്യയിൽ, പരി: രാജപാദവി എസ്, മൈത്രി ബുക്സ്. തിരുവനന്തപുരം. 2017.

................, അധ:സ്ഥിതർ ഹിന്ദുക്കളല്ല, പരി: പ്രഭാകരൻ വി, സുദർശൻ പി, മൈത്രി ബുക്സ്, തിരുവനന്തപുരം. 2018.

**...............**, മനുവിന്റെ ഭ്രാന്ത് അഥവാ സങ്കരജാതിയുടെ ഉൽപ്പത്തി, പരി: നാരായണൻ വി കെ, മൈത്രി ബുക്സ്. തിരുവനന്തപുരം. 2018.

മുരളി കവിയൂർ, ദളിത് സാഹിത്യം, ഡി.സി. ബുക്സ് കോട്ടയം, 2001.

രാജീവ് പി, ഭരണഘടന ചരിത്രവും സംസ്കാരവും, മാതൃഭൂമി ബുക്സ് കോഴിക്കോട്, 2022.

ശരൺകുമാർ ലിംബാളെ, ഹിന്ദു, പരി: ദാമോദരൻ കാളിയത്ത്, ഡിസി ബുക്സ് കോട്ടയം, 2005.

**............**, ദളിത് ബ്രാഹ്മണൻ, പരി: സണ്ണി എൻ എം, ബുക്കർ മീഡിയ പബ്ലിക്കേഷൻ തൃശ്ശൂർ, 2021.

ഷാജി ജേക്കബ് (എഡി), ആധുനികാനന്തര മലയാള സാഹിത്യവിമർശനം, സൈകതം ബുക്സ്, 2013.

സണ്ണി എം കപിക്കാട്, ജനതയും ജനാധിപത്യവും, വിദ്യാർത്ഥി പബ്ലിക്കേഷൻസ് കോഴിക്കോട്, 2000.